LIBRARY ARCHIVES Kerala Legislative Assembly

പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പ്

111 (803) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഏതെല്ലാം വകുപ്പുകൾ എത്ര തുക വീതമാണ് നീക്കിവച്ചിട്ടുള്ളതെന്നും ഈ തുക ആരുടെ പേരിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ഈ മെഡിക്കൽ കോളേജിനായി എസ്.സി.പി. ഫണ്ട് അല്ലാതെ മറ്റ് ഫണ്ടുകൾ നീക്കിവച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പാലക്കാട് മെഡിക്കൽ കോളേജിന്റെ നടത്തിപ്പിന് വേണ്ടി പട്ടികജാതി വികസനവകുപ്പ് 2012-13-ൽ 46.73 കോടി രൂപയും 2013-14-ൽ 55 കോടി രൂപയും 2014-15-ൽ 150 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക പട്ടികജാതി വികസനവകുപ്പ് ഡയറക്ടറുടെയും പാലക്കാട് മെഡിക്കൽ കോളേജ് സ്പെഷ്യൽ ഓഫീസറുടെയും പേരിൽ പാലക്കാട് ജില്ലാ ട്രഷറിയിലാണ് നിക്ഷേപിച്ചിട്ടുള്ളത്.

(ബി) ഇല്ല.

മെഡിക്കൽ കോളേജുകൾ

112 (804) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ വന്നതിനുശേഷം ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചു ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഗവൺമെന്റ് മേഖലയിൽ എത്ര മെഡിക്കൽ കോളേജുകൾ ഉണ്ടായിരുന്നു ; എം.ബി.ബി.എസിനും എം.ഡി./എം.എസിനും എത്ര സീറ്റുകൾ ലഭ്യമായിരുന്നു; ഇപ്പോൾ എത്ര സീറ്റുകൾ ലഭ്യമാണ് ;

(സി) അടുത്ത രണ്ട് വർഷത്തിനുള്ളിൽ എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രണ്ട് മെഡിക്കൽ കോളേജുകൾ ആരംഭിച്ചു മലപ്പുറം ജില്ലയിലെ മഞ്ചേരി മെഡിക്കൽ കോളേജ് 2013-14-ലും ഗവൺമെന്റ് മെഡിക്കൽ കോളേജ് ഇടുക്കി, 2014-15-ലും പ്രവർത്തനമാരംഭിച്ചു കൂടാതെ കൊച്ചി സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത് സർക്കാർ മെഡിക്കൽ കോളേജായി പ്രവർത്തിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ പട്ടികജാതി വികസന വകുപ്പിന്റെകീഴിൽ ഒരു മെഡിക്കൽ കോളേജും സർക്കാർ മേഖലയിൽ 2014-15-ൽ ആരംഭിച്ചിട്ടുണ്ട്.

(ബി) 5, ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സർക്കാർ മേഖലയിൽ എം.ബി.ബി.എസ്സിന് 900 സീറ്റുകൾ ഉണ്ടായിരുന്നത് നിലവിൽ 1150 സീറ്റുകളായി വർദ്ധിച്ചിട്ടുണ്ട്. പാലക്കാട് പട്ടികജാതി വികസന വകുപ്പിന്കീഴിലുള്ള മെഡിക്കൽ കോളേജിൽ 100 എം.ബി.ബി.എസ്സ്. സീറ്റുകളും 2014-15 മുതൽ ലഭ്യമാണ്. കൂടാതെ 2011-ൽ എം.ഡി./എം.എസ്സ്. കോഴ്സുകൾക്ക് 430 സീറ്റുകൾ ഉണ്ടായിരുന്നു. 2015-ൽ 525 ആയി വർദ്ധിച്ചിട്ടുണ്ട്.

(സി) 6.

മെഡിക്കൽ വിദ്യാഭ്യാസം പരിഷ്കരിക്കുന്നതിന് പദ്ധതി

113 (805) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ സ്വയംഭരണം ഏർപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ സ്വയംഭരണം ഏർപ്പെടുത്തുന്നതിലൂടെ ആരോഗ്യരംഗത്ത് എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ ;

(സി) മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്രത്തോളം പി.ജി. സീറ്റുകളാണ് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ വെട്ടിക്കുറച്ചതെന്ന് അറിയിക്കുമോ ; എങ്കിൽ എന്താണ് കാരണമെന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly